മണ്ണിന്റെ ഫലഭൂയിഷ്ഠത

178 (1594) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഓരോ പ്രദേശത്തെയും മണ്ണിന്റെ ഘടകങ്ങളെക്കുറിച്ചും, രാസഭൗതിക സ്വഭാവങ്ങളെക്കുറിച്ചും ശാസ്ത്രീയമായ പഠനം നടത്തി പ്രത്യേകതകൾ മനസ്സിലാക്കിയുള്ള പ്രതിവിധികൾ പ്രാവർത്തികമാക്കുന്നതുവഴി മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുവാൻ സാധിക്കും. മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കൃഷിരീതികൾ നടപ്പിലാക്കുകയും ശാസ്ത്രീയ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നതുവഴി രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം കുറച്ചും മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുവാൻ സാധിക്കും. ഓരോ പ്രദേശത്തെയും മണ്ണിന്റെ ഫലഭൂയിഷ്ഠതയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ശാസ്ത്രീയമായ മണ്ണ് പര്യവേഷണത്തിലൂടെയും പരിശോധനയിലൂടെയും നൽകുന്ന സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് ഉപകരിക്കുന്നുണ്ട്.

മിസ്സ്

179 (1595) ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈക്രോ ലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്സ്) പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ ഇത് സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകാൻ തക്കവിധം കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly